ഒരു വ്യക്തിയുടെ വൈകാരികപ്രതികരണങ്ങൾ സാഹിത്യത്തിലൂടെ വെളിപ്പെടുത്തുന്നിടത്ത് നവലാവണ്യദായകമായ അസാധാരണത്വമൊന്നുമില്ല. വൈയക്തികവികാരങ്ങളും സംഭവങ്ങളും സാഹിത്യഘടനയിലേക്ക് സ്വാംശീകരിക്കപ്പെടുക സാധാരണമാണ്. ഒരെഴുത്തുകാരനെ സംബന്ധിച്ചിടത്തോളം സ്വകാര്യമായ ആന്തരികയാഥാർഥ്യം ആശയവിനിമയത്തിന്റെ ബാഹ്യലോകത്തോളംതന്നെ പ്രസക്തമാണ്. ആത്മനിഷ്ഠവും വസ്തുനിഷ്ഠവുമായ യാഥാർഥ്യങ്ങൾ സാഹിത്യചേതനയിൽ എപ്പോഴും പരസ്പരപൂരകങ്ങളാണ്. ആത്മനിഷ്ഠത ഒരിക്കലും വസ്തുനിഷ്ഠതയേക്കാൾ പ്രസക്തി കുറഞ്ഞതല്ല. സാത്മീകരിക്കപ്പെടുന്ന വൈയക്തിക ഘടകങ്ങളും സ്വകാര്യ സാമഗ്രികളും സാഹിത്യത്തിന്റെ നിർവ്യക്തിക സ്വഭാവത്തെ ഒരിക്കലും ന്യൂനീകരിക്കാറില്ല. അതിസൂക്ഷ്മം തിരഞ്ഞെടുത്തതെങ്കിലും വികലമായ സ്വന്തം ഛായാചിത്രം എഴുത്തുകാരൻ തന്റെ രചനയിലൂടെ പ്രദർശിപ്പിക്കുക സ്വാഭാവികമാണ്. ഒരനുവാചകനാവശ്യമായ എഴുത്തുകാരന്റെ ജീവചരിത്രാംശങ്ങൾ ഇങ്ങനെ ലഭിക്കുന്നു. വ്യക്തിനിഷ്ഠതയ്ക്കപ്പുറമുള്ള ഒരു ലോകത്ത് അധിവസിക്കുന്ന എഴുത്തുകാരൻ, തന്റെ ജീവിതത്തിലെ സവിശേഷവും രോഗാതുരവുമായ സാമഗ്രികൾ സാഹിത്യത്തിൽ സാർവലൗകികമായും അസ്തിത്വപരമായും രൂപാന്തരപ്പെടുത്തുന്നു. എഴുത്തുകാരന്റെ സ്വകാര്യലോകം അതിന്റെ വസ്തുനിഷ്ഠമായ യാഥാർഥ്യത്തിന്റെ നിശ്ശബ്ദസൗന്ദര്യത്തിലൂടെ അനുവാചകനെ ആകർഷിക്കുന്നു.

ആത്മാഭിജ്ഞാനത്തിനുവേണ്ടി കഠോരമായി പോരാടുന്ന ഒരു ബലിമൃഗം മാത്രമാണ് വ്യക്തിയെന്ന ധാരണയിൽ ഊന്നിയാണ് ആത്മകഥാംശപ്രധാനമായ രചനകൾ രൂപം പ്രാപിക്കുന്നത്. ഇത്തരം രചനകളിൽ നിഗൂഢവും വിലക്കുകളുള്ളതുമായ പ്രമേയങ്ങൾ നിർധാരണം ചെയ്യുന്നതിന് എഴുത്തുകാരൻ ശ്രമിക്കുന്നു. ഏതു കലാകാരനും ആത്മാവിഷ്കാരമാണ് നിർവഹിക്കുന്നത്—സംശയമില്ല. എങ്കിലും തന്റെ മാധ്യമമായ ഭാഷ പൂർണമായും തന്റെ നിയന്ത്രണത്തിലല്ലെന്ന് അയാൾ അറിയുന്നു. എഴുത്തുകാരൻ തന്റെ ജീവിതത്തിൽ മാനസിക പ്രതിസന്ധി, ലൈംഗികത, കുടുംബജീവിതം, സ്വകാര്യാപമാനങ്ങൾ, ആശയക്കുഴപ്പം മുതലായവയുടെ സമ്മർദങ്ങൾ അനുഭവിക്കുന്നു. അയാളുടെ രചന തന്റെ ജീവിതത്തിലെ ആ നിഗൂഢ ഭാവങ്ങളും ബലഹീനതകളും വെളിപ്പെടുത്തുകയും ചെയ്യുന്നു. ഇതാണ് ഒരെഴുത്തുകാരന്റെ മാനസികാവസ്ഥയും സർഗാത്മക രചനയും തമ്മിലുള്ള ബന്ധം. സമകാലീനസാഹിത്യത്തിലെ മുഖ്യവിമർശന കൗതുകം ഈ ബന്ധത്തിൽ സവിശേഷമായ ശ്രദ്ധപതിപ്പിക്കുന്നുണ്ട്.

അബോധസ്വത്വം മനുഷ്യന്റെ ബോധസ്വത്വത്തെ സ്വാധീനിക്കാറുണ്ടല്ലോ. സൂക്ഷ്മാന്വേഷണത്തിന് അനഭിഗമ്യമായ അബോധമനസ്സിനെ ഒരു ബാഹ്യശക്തിയായിട്ടാണ് മനഃശാസ്ത്രജ്ഞർ വീക്ഷിക്കാറുള്ളത്. അതിനാൽ അബോധമനസ്സിന്റെ പ്രചോദനത്തെ ഒരു ബാഹ്യശക്തിയുടെ പ്രചോദനമായി അവർ പരിഗണിക്കുന്നു. ബോധാബോധസ്വത്വങ്ങളുടെ പരസ്പരവ്യാപനം മൂലം അവയുടെ അതിരുകൾ അവ്യക്തമായിപ്പോകുന്നു. അതിനാൽ ഒരെഴുത്തുകാരന്റെ വസ്തുനിഷ്ഠമായ അനുഭവം എപ്പോഴും മനസ്സിൽ അടിച്ചമർത്തപ്പെട്ടു കിടക്കുന്ന സാമഗ്രികളുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇത് ഉന്മാദസാഹിത്യത്തിന്റെ ഗുണമേന്മയെക്കുറിച്ചൊരു പുനർവിചാരത്തിന് വഴിയൊരുക്കുന്നു.

കവി/ഭ്രാന്തനാണെന്ന ആശയം പൗരാണിക യവനസാഹിത്യ ചിന്തയുടെ സംഭാവനയാണ്. ഷേക്സ്പിയർതന്നെ കവിയേയും കാമുകനേയും ഭ്രാന്തനേയും ഭാവനയുടെ സാമ്യതലങ്ങളിൽ പ്രതിഷ്ഠിച്ചിട്ടുണ്ട്. കാല്പനിക സാഹിത്യം ഉന്മാദത്തെ ഒരു കാവ്യപ്രചോദനമായി കണക്കാക്കിയിരുന്നു. കവിത സമഞ്ജസമായ ഉന്മാദമാണെന്ന ഷെല്ലിയുടെ പ്രസ്താവം ഇവിടെ സ്മരണീയം. പ്രതീകവാദവും അതിയഥാതഥവാദവും സാഹിത്യകാരന്റേയും ഭ്രാന്തന്റേയും സ്വരങ്ങൾ തമ്മിലുള്ള അന്തരം ഗണ്യമായി കുറച്ചിട്ടുണ്ട്. എന്നാൽ അറുപതുകളുടെ ആരംഭംവരെ ഉന്മാദം സാഹിത്യരചനയ്ക്കനുയോജ്യമായ ഒരു പ്രമേയമായോ രചനാസങ്കേതമായോ സ്വീകരിക്കപ്പെട്ടിരുന്നില്ല. എന്നാൽ, ആധുനിക സാഹിത്യകാരന്മാർ പലരും ഉന്മാദത്തെ ലൗകികവൽക്കരി

# സിരാരോഗവും സാഹിത്യവും

• ഡോ. എൻ. പ്രശാന്ത്കുമാർ •

ക്കുകയും അപകാല്പനികവൽക്കരിക്കുകയും ചെയ്യുന്നതിൽ അമിതമായ ഉത്സാഹമാണ് കാണിച്ചിരിക്കുന്നത്.

ഉന്മാദം ഒരു പ്രമേയമായും രചനാ സങ്കേതങ്ങളിലൂടെ രൂപപ്പെടുന്ന ഒരു വീക്ഷണമായും അംഗീകരിക്കപ്പെട്ടത് സമീപകാലത്താണ്. ഒരു സാഹിത്യസാമഗ്രിയെന്ന നിലയിൽ ഉന്മാദത്തിന് അതിവിപുലമായ അനുഭവങ്ങളുടേയും പ്രതികരണങ്ങളുടേയും മേഖലകൾ വെളിപ്പെടുത്തുന്നതിനു കഴിയും. അതനുസരിച്ച് ഒരു രചനാ സാമഗ്രിയായി ഉന്മാദം സ്വീകരിക്കപ്പെടുമ്പോൾ ഈ അനുഭവങ്ങളും പ്രതികരണങ്ങളും എഴുത്തുകാരന്റെ പരിചിതവും അപരിചിതവുമായ വ്യക്തിഗത് സ്വരങ്ങളിലും കഥകസ്വരങ്ങളിലും ഏകകാലത്ത് അനുഭവപ്പെടുന്നു. ഉന്മാദസാഹിത്യം അബോധമനസ്സിനോടുള്ള സമകാലീന സാംസ്കാരിക സമീപനം പ്രതിഫലിപ്പിക്കുന്നു. സമൂഹത്തിന്റെ ഹൃദയശൂന്യതയുടേയും കപടമൂല്യങ്ങളുടേയും നാശോന്മുഖമായ ഫലം മാത്രമല്ല ഉന്മാദം. ഈ തിന്മകൾക്കെതിരായ ഒരു പ്രതിരോധവും അവയെ നേരിടുന്നതിനുള്ള മാർഗവുംകൂടിയാണത്. ആത്മാഭിജ്ഞാനത്തിന്റെ മാധ്യമങ്ങളിലൊന്നായി കരുതപ്പെടുന്ന ഉന്മാദം ആവിഷ്കൃതമാകുന്നത് ആത്മഹത്യാശ്രമങ്ങളെക്കുറിച്ചുള്ള ഓർമകളിലൂടെയും വിചിത്ര കല്പനകളിലൂടെയുമാണ്. ആഖ്യാതാവിന്റെ അസ്തിത്വത്തിന്റേയും സർഗസൃഷ്ടിയുടേയും തീവ്രാനുഭവങ്ങൾക്ക് ഇവ മൂർത്തരൂപം നൽകുന്നു.

ഉന്മാദത്തിന്റെ സവിശേഷമായ അനുഭവങ്ങൾക്ക് സ്ഥൂലരൂപം നൽകുന്നിടത്ത് എഴുത്തുകാരന് ആഖ്യാനപരമായ ഒരു പൊയ്മുഖം അനുപേക്ഷണീയമാണ്. ദൈനംദിനാസ്തിത്വത്തിന്റെ ബോധപൂർവമുള്ള കർമങ്ങളുടെ ഭാഗമായി ആഖ്യാതാവ് സ്വപ്നങ്ങളും വിചിത്രകല്പനകളും സ്മരണകളും ബാഹ്യവൽക്കരിക്കുന്നു. സ്വന്തം വികാരങ്ങളെ അകന്നുനിന്ന് വീക്ഷിക്കുന്നതിന് ഈ പൊയ്മുഖമില്ലാതെ സാധ്യമല്ല.

ആധുനിക സാഹിത്യകാരന്റെ ദുരവസ്ഥയുടെ പ്രതീകമാണ് ഉന്മാദം. ഇരുപതാം നൂറ്റാണ്ടിൽ ഉന്നതവും സൂക്ഷ്മവുമായ സംവേദനശക്തിയുടെ സൂചികയും ആത്മീയ വികാരങ്ങളുടേയും വിമർശകാതൃപ്തിയുടേയും മാധ്യമവുമായി മാറിയിട്ടുള്ളത് ഭ്രാന്താണെന്ന് സൂസൻ സൊൻറാഗ് തറപ്പിച്ചു പറയുന്നു. ദുഃഖവിഷമങ്ങൾ സൃഷ്ടിക്കുന്നതും പ്രതികാരാത്മകവുമായ രോഗമാണ് ഭ്രാന്തെന്നുകൂടി അവർക്ക് അഭിപ്രായമുണ്ട്. 'രോഗം രൂപകമെന്ന നിലയ്ക്ക്'' എന്ന പ്രൗഢമായ ഗ്രന്ഥത്തിൽ ഈ സിദ്ധാന്തത്തിന് അവർ ആവിഷ്കരണം നൽകിയിരിക്കുന്നു. കാല്പനിക ചിത്തവൃത്തിയെ ക്ഷയരോഗമെന്ന രൂപകം പ്രതിനിധാനം ചെയ്യുന്നതുപോലെ, സമകാലീന സാഹിത്യത്തിൽ ദൃശ്യമാകുന്ന കുമ്പസാര ചിത്തവൃത്തിയെ ഉന്മാദം എന്ന മികച്ച രൂപകമാണ് പ്രതിനിധാനം ചെയ്യുന്നത്. ഉന്മാദവും മുൻകാലത്ത് ക്ഷയരോഗമെന്നപോലെ, രോഗികളെ ഭ്രഷ്ടരാക്കി തരംതാഴ്ത്തുന്നു. യാത്രയെ സംബന്ധിക്കുന്ന കാല്പനികധാരണയുടെ വ്യാപനമായ മനോരാജ്യസഞ്ചാരമെന്ന രൂപകം ക്ഷയരോഗത്തിനെന്നപോലെ ഭ്രാന്തിനും പ്രയോഗിക്കാവുന്നതാണ്. രോഗം ബോധചേതനകളെ തീവ്രമാക്കുമെന്ന കാല്പനികവീക്ഷണം സമകാലീന സാഹിത്യകാരന്മാരുടെ കാര്യത്തിൽ തികച്ചും പ്രസക്തമാണ്.

ഒരു രോഗനിർണയമാർഗമെന്ന നിലയിൽ മനോവിശ്ലേഷണത്തിന്റെ പ്രയോഗത്തിൽ കാതലായ പല മാറ്റങ്ങളും ആധുനികകാലത്ത് ഉണ്ടായിട്ടുണ്ട്. മാനസികാപഗ്രഥനം ഇന്നു യാഥാർഥ്യ നിർണയത്തിന്റെ ഒരു പക്ഷാന്തരമായിത്തീർന്നിരിക്കുന്നു. ആൽവരസ് 'ഇരുപതാം നൂറ്റാണ്ടിന്റെ കവിത' എന്ന ഗ്രന്ഥത്തിൽ അഭിപ്രായപ്പെടുന്നതുപോലെ, മനോവിശ്ലേഷണം യാഥാർഥ്യത്തിന്റെ വ്യാഖ്യാനത്തിന് അക്ഷരങ്ങളുടെ അടിസ്ഥാനം പ്രദാനം ചെയ്യുന്ന ഒരു മാർഗമാണ്. ഈ നിലയിൽ നോക്കുമ്പോൾ മനോവിശ്ലേഷണം എഴുത്തുകാരന് തന്റെ യാതനകളെ ശ്രേഷ്ഠമാക്കുന്നതിനുള്ള വഴി തുറന്നുകൊടുക്കുന്നു. അയുക്തികമായ അനുഭവങ്ങളെ അതിന്റേതായ മൂല്യത്തിൽ പരിഗണിക്കുന്ന ഒരു സമൂഹത്തിൽ എഴുത്തുകാരന്റെ വിഘടിതമനസ്സ് സ്വകാര്യത തേടുന്നു. ഓരോ മനുഷ്യന്റെ വ്യക്തിത്വത്തിലും അതുല്യതയുടെ ഒരു ഘടകമുണ്ട്. മാനസികാവസ്ഥ എന്തുതന്നെയായാലും എഴുത്തുകാരന് തന്റെ വ്യക്തിത്വത്തിന്റെ അതുല്യത അനുഭവസിദ്ധമാകേണ്ടതാണ്.

ആത്മപ്രകാശനത്തിലൂടെ സാ

ക്ഷാത്ക്കാരം നേടുന്നതിനുള്ള വാഞ്ഛയാണ് സർഗരചനയുടെ പ്രചോദനം. സമകാലീന വീക്ഷണത്തിൽ സ്വത്വമെന്നത് അനന്തസാധ്യതകളുടെ മേഖലയാണ്. ഈ നൂതനാശയം, സമകാലീനസാഹിത്യത്തിൽ പ്രകടമാകുന്ന ആധികാരികതയും സത്യസന്ധതയും കണ്ടെത്തുന്നതിനുള്ള അന്വേഷണത്തിനു പ്രാധാന്യം കല്പിക്കുന്നു. ഈ അന്വേഷണത്തിൽ അനുഭവങ്ങളുടെ ആധികാരികത മനോവിശ്ലേഷണവുമായി തുലനം ചെയ്യാവുന്നതാണ്. ഇവ രണ്ടും യുക്ത്യതീതവും അബോധവുമായ മാനസിക പ്രക്രിയകളുമായി അതിഗാഢം ബന്ധപ്പെട്ടിരിക്കുന്നു.

ഘടനയിൽ നിലീനമായിട്ടുള്ള ഒരു സമൂഹത്തിൽ കലാകാരനിലുണ്ടാകുന്ന അമിതപ്രകാശനത്വരയുടെ ഫലമാണിത്. ആധുനികരായ എഴുത്തുകാർ നൂതനാനുഭവ മേഖലകൾ തേടുന്നു. വികാരാവേശവും 'പാരനോയിയ'യും സ്വത്വത്തിൽ സമ്മേളിക്കുന്ന വിനാശകരമായ ഒരു സന്ദർഭത്തെ അഭിമുഖീകരിക്കുന്ന അവസ്ഥയാണിതിൽ പ്രധാനമായിട്ടുള്ളത്. സ്വത്വത്തിന്റെ അനുഭവങ്ങൾ സാമൂഹ്യമായും ധാർമികമായും തെറ്റാണെന്ന് അനുഭവിച്ചറിയുന്നതിൽ നിന്നുളവാകുന്ന സർഗാത്മകതയുടെ അനന്തസാധ്യതകൾക്ക് ഉന്മാദം എന്ന രൂപകത്തെ ആശ്രയിക്കാതെ നിവൃത്തിയില്ല.

**ഡബ്രോസ്കിയുടെ സിദ്ധാന്തമനുസരിച്ച് സിരാരോഗങ്ങളും മനോവിഭ്രാന്തികളും അപായരഹിതവും ഗുണകരവുമാണ്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ മാനസിക ഘടനയുടെ ഇടവിട്ടുള്ള ശിഥിലീകരണ—പുനരേകീകരണ ശൃംഖലയിലൂടെ വ്യക്തിത്വത്തിന് വികാസമുണ്ടാകുന്നു. മാനസിക ശിഥിലീകരണത്തിനുശേഷം പുനരേകീകരണം സംഭവിക്കുന്നത് എപ്പോഴും നിലവിലുള്ള മാനസിക ഘടനയേക്കാൾ ഉയർന്ന തലത്തിലായിരിക്കും. തൽഫലമായി വ്യക്തിത്വം വികസിക്കുകയും മാനസികാരോഗ്യത്തിന്റെ ഒരു പുതിയ തലത്തിലേക്ക് വ്യക്തി ഉയരുകയും ചെയ്യുന്നു.**

ഉന്മാദം സമകാലീന സംസ്കാരത്തിലെ ഒരവശ്യഘടകമാണെന്ന ആധുനിക സാഹിത്യകാരന്റെ പ്രതിപാദനം ഈ സന്ദർഭത്തിൽ സ്മരണീയമാണ്. ഇന്നത്തെ എഴുത്തുകാർക്ക് ലോകത്തെക്കുറിച്ച് യുക്തിവികലമായ ദർശനമാണുള്ളത്. സമകാലീന ചരിത്രത്തിലെ സിരാരോഗവും മനോവിഭ്രാന്തിയും സ്വന്തം ലോകത്തിലേക്ക് സംക്രമിപ്പിക്കയും ലയിപ്പിക്കുകയും ചെയ്ത് ആധുനിക സാഹിത്യം യാഥാർഥ്യത്തിന്റെ അതിസൂക്ഷ്മ പരിണാമത്തിന് വഴിയൊരുക്കുന്നു. സൂക്ഷ്മസംവേദനക്ഷമത നഷ്ടപ്പെട്ട ഒരു സമൂഹത്തെ ആധുനിക സാഹിത്യകാരൻ നിർവ്യക്തികമായ ഒരവസ്ഥയ്ക്ക് വിധേയമാക്കുന്നു. തൽഫലമായി താൻ ഒരു ബലിമൃഗമാണെന്നൊരു ബോധം എഴുത്തുകാരനുണ്ടാകുന്നു. മനഃശാസ്ത്രപരമായ അക്രമം സ്വ

ഒരു ഉദാസീനസമൂഹത്തിൽ വർധിച്ചുവരുന്ന ഏകാകിതാബോധം സ്വാശ്രയസ്വത്വത്തിന്മേലുള്ള ആക്രമണമായി സാഹിത്യത്തിൽ രൂപാന്തരപ്പെടുന്നു. ആ അവസ്ഥയ്ക്ക് ഉന്മാദത്തോടു ബന്ധമുണ്ട്. ഉന്മാദം മനസ്സിന്റെ വെളിപാടോ ബോധതലത്തിന്റെ വ്യാപനമോ ആണെന്ന ധാരണതന്നെയും ഒരു സാഹിത്യസങ്കേതമാണ്. സ്ഥിരപരിണാമിയായ ചരിത്രത്തിന്റെ ഭാഗമായി കഴിയുന്ന എഴുത്തുകാരന്റെ മാനസികാനുഭവങ്ങളിൽ സമകാലിക സാഹിത്യം അവിരാമമായ താല്പര്യം പ്രദർശിപ്പിക്കുന്നു. 'വിഭക്തസ്വത്വം' എന്ന ഗ്രന്ഥത്തിൽ ആർ.ഡി. ലെയിങ് ഉന്മാദത്തെ, തെറ്റായ സമീപനങ്ങളിൽനിന്നും മോചനം നേടുന്നതിനുള്ള പോരാട്ടമായും, സത്യസന്ധമായ സ്വത്വം പുഷ്ടിപ്പെടുത്തുന്നതിനുതകുന്ന പ്രാഥമിക വികാരങ്ങളും പ്രചോദനങ്ങളുമായുള്ള അഭിമുഖദർശനമായും പരിഗണിക്കുന്നു. സ്വത്വത്തിന്റെ ആധികാരികഭാവങ്ങൾ ഉന്മാദത്തിലൂടെയാണ് പ്രകടമാക്കപ്പെടുന്നതെന്ന ലെയിങ്ങിന്റെ വിശ്വാസം ലില്യൻ ഫെഡെ സ്ഥിരീകരിക്കുന്നു—'സാഹിത്യത്തിലെ ഉന്മാദം' എന്ന ഗ്രന്ഥത്തിൽ. ബോധാബോധ പ്രക്രിയകൾ തമ്മിലുള്ള സംഘർഷത്തിൽ സാമൂഹികശക്തികൾക്ക് നേട്ടമുണ്ടാകുമ്പോൾ അഹംബോധധർമത്തിന് മൂല്യശോഷണം സംഭവിക്കുന്നു.

മനഃശാസ്ത്രപരവും സാമൂഹ്യവുമായ അനുഭവങ്ങൾ കർക്കശമായി വേർതിരിക്കപ്പെട്ട തലങ്ങളാണെന്ന ആശയം പൗരാണികമാണ്. മാനസികാനുഭവമായ ഉന്മാദം മാരകമാം വിധം രോഗാതുരവും ക്രൂരവും സർഗാത്മക ചേതനയെ ഭയചകിതമാക്കുന്നതും കീഴ്പ്പെടുത്തുന്നതുമാണെന്ന ചിത്രീകരണം കുറ്റബോധത്തിന്റെയും അധമബോധത്തിന്റെയും ബിംബങ്ങളിൽ കാണപ്പെടുന്നു. ആത്മകഥാംശമുള്ള രചനകളിൽ എഴുത്തുകാരന്റെ വൈയക്തിക പ്രക്ഷേപങ്ങൾ ഭൂതബാധയായി മാറുന്നു. ബോധാവസ്ഥയുടെ വ്യാപനം ഒരു സാമൂഹ്യകർമം മാത്രമാണെന്ന വീക്ഷണം ആത്മകഥാംശ പ്രധാനമായ രചനകളുടെ പ്രാഥമിക സവിശേഷതയാണ്. അത്തരം രചനകളിൽ ആഖ്യാതാവിന്റെ സമൂഹത്തോടുള്ള പോരാട്ടം സ്വത്വകേന്ദ്രിതമാണ്. എന്നാൽ, സമൂഹത്തിൽനിന്നുള്ള അന്യവൽക്കരണത്തിന്റെ പ്രതീകമായ ഉന്മാദം വ്യക്തിപരമായ സംതൃപ്തിക്കുവേണ്ടിയുള്ള പിൻമാറ്റത്തെയാണ് സൂചിപ്പിക്കുന്നത്. സാമൂഹ്യോദ്ധാരണം രാഷ്ട്രീയത്തിന്റെ വിലകുറഞ്ഞ പരിപാടിയായി മാറിയിട്ടുള്ള ഒരു സമൂഹഘടനയിൽ എഴുത്തുകാരൻ സ്വത്വത്തിന്റെ പരിമിതികളെയും പ്രതിരോധങ്ങളെയും ഏകീഭവിപ്പിക്കുന്നതോടൊപ്പം അവയുടെ വിചിത്രമായ ഫലങ്ങളെ തുറന്നുകാട്ടുകയും ചെയ്യുന്നു. അവിടെ ഉന്മാദം സാഹിത്യത്തിലെ പ്രമേയവും സങ്കേതവും പ്രചോദനവുമായി മാറുന്നു. സാഹചര്യങ്ങളുടെ യാഥാർഥ്യങ്ങളിൽനിന്ന് ആ സാഹിത്യരചനയ്ക്ക് എതിർപ്പുകളുണ്ടാകാതെ തരമില്ല.

അടുത്ത ലക്കത്തിൽ
അവസാനിക്കും.

# സിരാരോഗവും സാഹിത്യവും

• ഡോ. എൻ. പ്രശാന്ത്കുമാർ •

(കഴിഞ്ഞ ലക്കം തുടർച്ച)

ഉന്മാദം മാരകമാംവിധം രോഗാതുരവും ക്രൂരവുമായൊരു മാനസിക വിഘടനമാണെന്ന ഫ്രോയിഡിന്റെ ആശയം കാലഹരണപ്പെട്ടിരിക്കുന്നു. അത് സർഗാത്മകമായി മാറുകയും ചെയ്യാം. എഴുത്തുകാരന്റെ മാനസിക വിഘടനം അപ്പോൾ ആഖ്യാനരീതിയിലും, പ്രതീകം, ബിംബം, രൂപകം മുതലായ ആഖ്യാനസാമഗ്രികളിലും പ്രതിഫലിക്കുന്നു. വിവിധ ഘടകങ്ങളിൽ നിർണയിക്കപ്പെടുന്ന രോഗമായ ഉന്മാദം, സാമൂഹ്യ ധാർമിക രോഗങ്ങൾക്കുള്ള ഒരു രൂപകമായി പ്രയോഗിക്കപ്പെടുന്നിടത്ത് വർധിച്ച സാധ്യതകൾ ഉൾക്കൊള്ളുന്നുണ്ടെന്ന് സോൻറാഗ് അഭിപ്രായപ്പെടുന്നു. ഉന്മാദത്തിന്റെ സർഗാത്മക ശക്തിയെക്കുറിച്ച് പരീക്ഷണ നിരീക്ഷണങ്ങൾ നടത്തുന്നതിൽ ഫ്രോയിഡ് പരാജയപ്പെട്ടിരുന്നു. കാസിമിയേസ് ഡബ്രോസ്കി എന്ന പോളിഷ് മനോരോഗ വിദഗ്ധൻ ഈ മേഖലയിൽ ധീരമായ പരീക്ഷണങ്ങൾ ധാരാളം നടത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം 'ക്രിയാത്മക ശിഥിലീകരണ'മെന്ന അതിനൂതനമായ പരികല്പനയ്ക്കു രൂപം നല്കുകയും ചെയ്തു.

ഡബ്രോസ്കിയുടെ സിദ്ധാന്തമനുസരിച്ച് സിരാരോഗങ്ങളും മനോവിഭ്രാന്തികളും അപായരഹിതവും ഗുണകരവുമാണ്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ മാനസിക ഘടനയുടെ ഇടവിട്ടുള്ള ശിഥിലീകരണ—പുനരേകീകരണ ശൃംഖലയിലൂടെ വ്യക്തിത്വത്തിന് വികാസമുണ്ടാകുന്നു. മാനസിക ശിഥിലീകരണത്തിനുശേഷം പുനരേകീകരണം സംഭവിക്കുന്നത് എപ്പോഴും നിലവിലുള്ള മാനസിക ഘടനയേക്കാൾ ഉയർന്ന തലത്തിലായിരിക്കും. തൽഫലമായി വ്യക്തിത്വം വികസിക്കുകയും മാനസികാരോഗ്യത്തിന്റെ ഒരു പുതിയ തലത്തിലേക്ക് വ്യക്തി ഉയരുകയും ചെയ്യുന്നു. മാനസിക ശിഥിലീകരണം ഉയർന്ന മാനസികാരോഗ്യത്തിലേക്കുള്ള സർഗാത്മകമായ പ്രയാണമാണെന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു. തിയഡോർ റീത്കെയുടെ ഉന്മാദം അദ്ദേഹത്തിന്റെ കവിതയിൽ നിർണായക സ്വാധീനം ചെലുത്തിയിട്ടുണ്ടെന്ന്, അദ്ദേഹത്തിന്റെ ജീവചരിത്രമായ 'സ്ഫടികഭവന'ത്തിൽ അലൻസീഗർ സ്ഥാപിച്ചിട്ടുണ്ട്. സിൽവിയാപ്ലാത്തിന്റെ കാര്യത്തിൽ ആൽവരസും ഇതേ വാദഗതി പിന്തുടരുന്നു. ആൻ സെക്സ്റ്റൺന്റെ ഉന്മാദം കാവ്യമേഖലയിൽ എത്രയധികം സർഗാത്മകമായി മാറി എന്നതിനെക്കുറിച്ച് ഡയാനെ വുഡ് മിഡിൽബ്രൂക്ക് സെക്സ്റ്റൺന്റെ ജീവചരിത്രത്തിൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്. തങ്ങളുടെ മനോരോഗം ആ...പ്രകോപനപരമാണെന്ന് ഈ ക... വിശ്വസിച്ചിരുന്നതായി ... അതുകൊണ്ട് ആത്മ...യ രചനകളിൽ ...ർ മാനസി...ങ്ങളുടെ സ്വത്വത്തിന്റെ ഘടനയുമായി പോരാടുന്ന എഴുത്തുകാരന്റെ ലോകത്തിലെ ശക്തിയായി ഉന്മാദം അഥവാ സിരാരോഗം വർത്തിക്കുകയും ചെയ്യുന്നു.

കലാകാരന്മാർ സമൂഹത്തിലെ മറ്റു പലർക്കുമൊപ്പം പങ്കുവയ്ക്കുന്ന ഒന്നാണ് സിരാരോഗം. ഒരാളുടെ സർഗശക്തിക്ക് സിരാരോഗം മാത്രമല്ല കാരണമായിട്ടുള്ളത്. സിരാരോഗമുള്ളവരെല്ലാവരും സർഗാത്മകതയ്ക്ക് ഉടമകളാകണമെന്നില്ല. ഒരെഴുത്തുകാരന്റെ പ്രതിഭ അയാളുടെ സിരാരോഗത്തിന്റെ തീവ്രതയിലല്ല നിലകൊള്ളുന്നതും. സിരാരോഗിയായ ഒരു എഴുത്തുകാരന്റെ കൃതഹസ്തത, തന്റെ രോഗത്തെ വിജയകരമായി വസ്തുനിഷ്ഠമാക്കുന്നതിലും അതനുസരിച്ച് സുവ്യക്തമായി ചിത്രീകരിക്കുന്നതിലും പാടവം കാണിക്കുന്നു. എന്നാൽ, മാനസികമായ പിരിമുറുക്കം മാത്രമാണ് പല എഴുത്തുകാരുടെയും സാഹിത്യപരമായ സാഫല്യത്തിന്റെ ഉറവിടമെന്ന പ്രസ്താവന പൂർണമായും ശരിയല്ല. മാനസികാസ്വാസ്ഥ്യം സർഗരചനയുടെ പ്രചോദനങ്ങളിലൊന്നു മാത്രമാണ്. എഴുത്തുകാരന്റെ മാനസിക ക്രമഭംഗം സാഹിത്യപാഠങ്ങൾക്ക് ഒരു ഘടനയും രീതിയും ഇക്കാലത്ത് പ്രദാനം ചെയ്തിട്ടുണ്ട്. ആഖ്യാതാവിന്റെ സ്വത്വത്തെക്കുറിച്ചുള്ള സങ്കല്പനത്തിന്റെ ഒരു ഭാഗമാണ് സിരാരോഗം. സിരാരോഗിയായ ഒരെഴുത്തുകാരനിൽ അസഹ്യമായ അനുഭവങ്ങൾ അലിഞ്ഞു ചേർന്നിരിക്കുന്നു. അപ്പോൾ അയാൾ ജുഗുപ്സാവഹമായ അനുഭവങ്ങളുടെ വേദനയും ആത്മാഭിജ്ഞാനത്തിന്റെ ആഹ്ലാദവും ഏകകാലത്ത് അനുഭവിക്കുന്നു.

തങ്ങളുടെ മനോരോഗം ആത്മപ്രകോപനപരമാണെന്ന് ഈ കവികൾ വിശ്വസിച്ചിരുന്നതായി തോന്നുന്നു. അതുകൊണ്ട് ആത്മകഥാംശപ്രധാനമായ രചനകളിൽ ഇമ്മാതിരി എഴുത്തുകാർ മാനസികാശ്വാസത്തിനുവേണ്ടി തങ്ങളുടെ ആത്മാവിനെ നഗ്നമാക്കാറുണ്ട്. സ്വത്വത്തിന്റെ ഘടനയുമായി പോരാടുന്ന എഴുത്തുകാരന്റെ ലോകത്തിലെ ശക്തിയായി ഉന്മാദം അഥവാ സിരാരോഗം വർത്തിക്കുകയും ചെയ്യുന്നു.

സിരാരോഗം സാഹിത്യരചനയ്ക്ക് അത്യന്താപേക്ഷിതമല്ലെങ്കിലും പല ആധുനിക സാഹിത്യകാരന്മാരും സിരാരോഗികളാണെന്ന വസ്തുത വിസ്മരിച്ചുകൂട. ആത്മസംഘർഷമാണ് സർഗാത്മകതയുടെ ഉറവിടമെന്ന് ഫ്രോയിഡ് ചിന്തിച്ചിരുന്നു. സർഗാത്മകതയുടേയും സിരാരോഗത്തിന്റേയും പൊതുവായ ഉറവിടം അബോധമനസ്സാണെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. എന്നാൽ യുങ് സർഗാത്മകതയെ മനുഷ്യന്റെ ധാരണാ ശക്തിക്കപ്പുറമുള്ളതും സാധാരണ പ്രതികരണത്തിന് വിപരീതമായി പ്രവർത്തിക്കുന്നതുമാണെന്ന് അഭിപ്രായപ്പെടുന്നു. ദാർശനികമായ സർഗാത്മക പ്രക്രിയയുടെ ഉറവിടം സമൂഹത്തിന്റെ അബോധതലമാണെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. ലോറൻസ് ക്യൂബി മനുഷ്യമനസ്സിനെ ബോധം അബോധം പൂർവബോധം എന്നിങ്ങനെ മൂന്നായി തിരിക്കുന്നു. ഇവയിൽ പൂർവബോധമാണ് സർഗാത്മകതയുടെ ഉറവിടമെന്ന് അദ്ദേഹം കരുതുന്നു. ബോധധാരാ സിദ്ധാന്തത്തിന്റെ ഉപജ്ഞാതാവായ വില്യം ജെയിംസിന്റെ അഭിപ്രായത്തിൽ, ഈ മൂന്നു മാനസിക തലങ്ങളും തമ്മിലുള്ള പരസ്പരബന്ധമാണ് സർഗാത്മക സിരാരോഗ പ്രക്രിയയുടെ പ്രവർത്തനപ്രയോഗങ്ങളെ നിർണയിക്കുന്നത്. ഈ മൂന്നു മാനസികധാരകളുടെ സമാന്തരപ്രവാഹത്തിൽനിന്നും അവയുടെ അനുസ്യൂതവ്യാപനത്തിൽനിന്നും സർഗാത്മകതയും ആത്മഹത്യയും ഉല്ഭവിക്കുന്നു. സർഗാത്മകത സിരാരോഗവുമായി ബന്ധപ്പെട്ട് നിരന്തരം നടക്കുന്ന പ്രക്രിയയാണ്. അത് അബോധത്തിന്റെ സഹജപ്രവർത്തനവും ബോധത്തിന്റെ ലക്ഷ്യബോധവും തമ്മിലുള്ള സംഘർഷത്തിന്റെ ഫലമാണ്.

അതിനാൽ ഒരെഴുത്തുകാരന്റെ സർഗാത്മകതയും ആത്മഹത്യാവാസനയും ഒരേ മാനസികസ്രോതസ്സിൽനിന്നും ഉത്ഭവിക്കുന്നു. ഇപ്രകാരമൊരു പ്രതീകാത്മക സർഗപ്രക്രിയയിൽ പൊതുവായ ഒരു മാനസികാസ്വസ്ഥത ഇവയ്ക്കു രണ്ടിനും ഹേതുവായി മാറുന്നു. സാഹിത്യപാഠത്തിന്റെ രൂപഘടനയിലും ആഖ്യാനസങ്കേതത്തിലും ഇത് മൂന്നു രീതിയിലാണ് പ്രകടമാകുന്നത്. സ്വത്വവിഘടനം, സ്വത്വത്തിന്റെ മനോവിഭ്രാന്തിജന്യമായ ആന്തരിക വിഭജനം, ദ്വന്ദ്വഭാവവും അപരഭാഗവുമായുള്ള സ്വത്വവിഭജനം—എന്നീവയാണീ രീതികൾ. വിഘടിത സ്വത്വത്തിന്റെ ഒരുഭാഗം വേദനയും വിപരീതഭാഗം ആഹ്ലാദവും അനുഭവിക്കുന്നു. സ്വത്വത്തിന്റെ ഒരു ഭാഗം കുറ്റബോധത്തിലുഴലുമ്പോൾ, വിപരീതഭാഗം ജീവിതത്തെ വിസ്മയത്തോടെ സമീപിക്കുന്നു. വിഘടിതസ്വത്വത്തിന്റെ ഒരു ഭാഗം സർഗസം... ...മ്പോൾ, അതിന്റെ വിപരീത ഘടകം സ്വഹത്യയെക്കുറിച്ചാലോചിക്കുന്നു. ഇപ്രകാരം മാനസികാസ്വസ്ഥതയിലൂടെ ഒരേ സ്രോതസ്സിൽനിന്ന് വിഘടിത സ്വത്വങ്ങൾ വിരുദ്ധഭാവങ്ങൾ ഉൾക്കൊള്ളുന്നു. സിൽവിയാപ്ലാത്ത്, ആൻ സെക്സ്റ്റൺ തുടങ്ങിയ അമേരിക്കൻ കവികളുടേയും കവാബത്ത, മിഷിമ മുതലായ ജാപ്പനീസ് നോവലിസ്റ്റുകളുടേയും ജീവിതങ്ങൾ ഇതിനുദാഹരണമാണ്. സാഹിത്യം ഒരു ഘാതകകലയായിട്ടാണ് അവർക്കനുഭവപ്പെട്ടത്. അതിന്റെ മാരകാകർഷണം അവരെ ആത്മഹത്യയിലേയ്ക്കു നയിക്കുകയും ചെയ്തു. അടിച്ചമർത്തപ്പെട്ട ബിംബങ്ങളും പ്രതീകങ്ങളും അബോധതലത്തിന്റെ ക്ലേശം വർധിപ്പിക്കുന്നു. അതിന്റെ നിതാന്തദൃഢത ബോധ—പൂർവബോധതലങ്ങളെ സ്വാധീനിക്കുകയും നിയന്ത്രിക്കുകയും നിരോധിക്കുകയും ചെയ്യുന്നു. ഇത് മാനസിക ക്രമഭംഗങ്ങൾക്ക് കാരണമാകുന്നു. അപ്പോൾ സർഗാത്മകതയാണ് വൈകാരിക ഭാരത്തിനും ആഘാതത്തിനും ഒരു വിരേചനമായും സുരക്ഷിതത്വവാൽവായും പ്രവർത്തിക്കുന്നത്. സാഹിത്യം എഴുത്തുകാരന്റേയോ മുഖ്യ പാത്രങ്ങളുടേയോ മാനസിക സമനില തെറ്റിയ ജീവിതത്തിന്റെ രൂപഘടനാപരമായ പ്രതിരൂപമായി മാറുകയും ചെയ്യുന്നു.

സിരാരോഗിയായ എഴുത്തുകാരനിൽ അനുഭവപ്പെടുന്ന മാനസിക വിഘടനം സ്ഫോടകസ്വഭാവമുള്ള ഒരു നിരന്തര ഭീഷണിയാണ്. എഴുത്തുകാരനിലെ സ്വത്വത്തിന്റെ ശിഥിലീകരണവും, അനന്തരമുണ്ടാകുന്ന വിഘടിതസ്വത്വങ്ങളുടെ പുനരേകീകരണവും തമ്മിൽ അനുസ്യൂതമായ സംഘർഷം നടക്കുന്നു. മാനസിക സ്ഥിരതയ്ക്കുവേണ്ടിയുള്ള വാഞ്ഛയും, മാനസിക ശിഥിലീകരണ വാസനയും തമ്മിലുള്ള ഈ സംഘർഷത്തിൽനിന്നാണ് അയാളുടെ രചനകളിലെ അടിസ്ഥാന സംഘർഷം ഉത്ഭവിക്കുന്നത്. എഴുത്തുകാരന്റെ ഈ ആന്തര സംഘർഷം സാഹിത്യപാഠത്തിന്റെ അധോഘടനയെ രൂപപ്പെടുത്തുന്നു. സാഹിത്യപാഠത്തിന്റെ രൂപഘടനാനിർമിതിക്കുവേണ്ടിയുള്ള ഉത്കടമായ ഇച്ഛയും, പാരമ്പര്യേതര പ്രമേയത്തിനുവേണ്ടിയുള്ള അഭിനിവേശവും തമ്മിൽ മറ്റൊരു സംഘർഷവും ഇതിനിടയിൽ ഉരുത്തിരിഞ്ഞുവരുന്നു. ഇത് പാഠത്തിന്റെ ഉപരിതല ഘടനയിലാണ് പ്രതിഫലിക്കുന്നത്. ഉത്തമ സാഹിത്യപാഠത്തിൽ എപ്പോഴും ഒരു എഴുത്തുകാരന്റെ ആന്തര സംഘർഷവും പാഠാന്തര സംഘർഷവും സമന്വയിക്കപ്പെടുന്നതായി കാണാം.

എഴുത്തുകാരന്റെ മനസ്സിൽ സ്വത്വശിഥിലീകരണത്തിനുള്ള ഒരു ചലനം കേന്ദ്രത്തിൽനിന്ന് വെളിയിലേക്ക് പ്രവർത്തിക്കുന്നു. അതോടൊപ്പം വിഘടിത സ്വത്വങ്ങളുടെ പുനരേകീകരണത്തിനുള്ള ഒരു ത്വര അതിനെ നേരിടുകയും ചെയ്യുന്നു. സാഹിത്യകാരന്റെ ചേതനയിൽ പ്രമേയത്തിന്റെ, പ്രത്യേകിച്ചും പാരമ്പര്യേതരമായ പ്രമേയത്തിന്റെ തിരഞ്ഞെടുപ്പിൽ പൂർണ സ്വാതന്ത്ര്യത്തിനായുള്ള വെമ്പൽ തീവ്രമായി ഭവിക്കുകയും ചെയ്യുന്നു. അതേ സമയം തന്നെ, പാഠത്തിന്റെ രൂപത്തിലും ഘടനയിലുമുള്ള ബാഹ്യമായ നിയന്ത്രണം അതിനെ പ്രതിരോധിക്കുകയും ചെയ്യുന്നു. ഈ ആന്തരസംഘർഷങ്ങളെ പ്രമേയത്തിന്റെയും രൂപഘടനയുടേയും സമന്വയത്തിലൂടെ സ്വാംശീകരിക്കുന്നതിനുള്ള എഴുത്തുകാരന്റെ ചാതുര്യത്തിലാണ് ഒരു സാഹിത്യകൃതിയുടെ...